THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

| | | |
|---|---|---|
| LANGUAGE-2<br>GRADE- VII | CPE-3[2022-23]<br>MALAYALAM | Max marks- 20<br>Time – 1 Hr |

| | | |
|---|---|---|
| I | താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക. | 1x4 = 4 |
| | സ്വാർത്ഥതയും വിദ്വേഷവും സർവ്വത്ര കളിയാടുന്ന ഈ കാലഘട്ടത്തിൽ സ്നേഹത്തിൻറെ സന്ദേശമാണ് അടിയന്തിരമായി ആവശ്യമായിട്ടുള്ളത്. വ്യക്തികളും രാഷ്ട്രങ്ങളും വിവിധ ജാതികളും മതങ്ങളും വ്യത്യസ്ത ചിന്താഗതിക്കാരും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന പോരാട്ടങ്ങൾ മനുഷ്യനെ അധ:പതിപ്പിക്കുകയാണ്. ജീവിതം തന്നെ ദു:സ്സഹമാക്കുന്ന അവസ്ഥയിലേക്കാണ് പോകുന്നത്. പരിമിതമായ നിലയിലാണെങ്കിലുംസ്നേഹത്തിൻറെ സന്ദേശം പ്രചരിപ്പിക്കുവാൻശ്രമിക്കുന്നവർ ലോകസമാധാനം പടുത്തുയർത്തുന്നതിൽ അവരവരുടെ പങ്ക് വഹിക്കുകയാണ്. ഇതിനു വേണ്ടി നാം മറ്റാരെയും കാത്തിരിക്കേണ്ട കാര്യമില്ല. പ്രത്യേകിച്ച് ഒരു സമയം കണ്ടെത്തുകയും വേണ്ട. എല്ലായിടത്തും എല്ലാസമയത്തും നമുക്ക് അതിനുള്ള അവസരം ലഭിക്കും. സ്നേഹം നിറഞ്ഞ വാക്കും ഭാവവും മറ്റുള്ളവർക്ക് സന്തോഷം നൽകും. അത്തരക്കാരുടെ എണ്ണം വർദ്ധിക്കുമ്പോൾ സമൂഹത്തിൻറെ അവസ്ഥ മാറും പ്രസന്ന ഭാവത്തിൽ പുഞ്ചിരി തൂകുന്ന ഒരാളെ സമീപിക്കുന്നത് സന്തോഷകരമായ ഒരനുഭവമാണ്. നേരെമറിച്ച് കറുത്ത മുഖവും മനം മടുപ്പിക്കുന്ന നോട്ടവുമുള്ള ഒരാളിനെ സമീപിക്കുന്നതൊ? ഒന്നുമില്ലെങ്കിലും അയാളിൽ നിന്നും അകന്നു നിൽക്കുവാനാണ് നാം ഇഷടപ്പെടുക. | |
| 1. | സ്വാർത്ഥതയും വിദ്വേഷവും സർവ്വത്ര കളിയാടുന്ന ഈ കാലഘട്ടത്തിൽ എന്താണ് അടിയന്തിരമായി ആവശ്യമായിട്ടുള്ളത്?<br>( പണം, സ്നേഹത്തിൻറെ സന്ദേശം, മനസ്സമാധാനം, ) | |
| 2. | ലോകസമാധാനം പടുത്തുയർത്താൻ ശ്രമിക്കുന്നത് ആരാണ്?<br>(സ്നേഹത്തിൻറെ സന്ദേശം പ്രചരിപ്പിക്കുന്നവർ, വ്യത്യസ്ത ചിന്താഗതിക്കാർ, വിദ്വേഷം ഉള്ളവർ ) | |
| 3. | എങ്ങനെയുള്ളവരുടെ സാമീപ്യമാണ് നാം ഇഷ്ടപ്പെടുന്നത്?<br>( ദേഷ്യത്തോടെ നോക്കുന്നവരുടെ, ഒന്നും മിണ്ടാത്തവരുടെ, പ്രസന്നഭാവത്തിൽ പുഞ്ചിരിക്കുന്നവരുടെ) | |
| 4. | ഈ കാലഘട്ടത്തിൻറെ പ്രത്യേകത എന്ത്?<br>(സ്വാർത്ഥതയും വിദ്വേഷവും സർവ്വത്ര കളിയാടുന്നു, സ്വാർത്ഥത ഇല്ല, വിദ്വേഷം കളിയാടുന്നു) | |
| **II 5** | ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക<br>a. വിദ്യാർത്ഥികളും അച്ചടക്കവും<br>or<br>b. എന്നെ സ്വാധീനിച്ച വ്യക്തി | 5x1=5 |
| 6. | നിങ്ങളുടെ നാട്ടിൽ ഇന്ന് ബാലവേല വ്യാപകമായി കണ്ടു വരുന്നു. ഈ പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. | 1x5 = 5 |
| 7. | അർത്ഥം എഴുതുക<br>a. കൂട്ടായ്മ b. മന്ദസ്മിതം | ½ x2 = 1 |
| 8. | പര്യായം<br>a. യുദ്ധം | 1x1 = 1 |
| 9 | വിപരീതം എഴുതുക<br>a. ഭാഗ്യം | 1x1 = 1 |
| 10 | പിരിച്ചെഴുതുക.<br>a. ധരണിയിൽ | 1x1 = 1 |
| **11.** | ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക.<br>a. "വീണിതല്ലോ കിടക്കുന്നു ധരണിയിൽ"- ആര്?<br>b. തെയ്യക്കോലങ്ങളുടെ ചമയത്തിന് ഉപയോഗിച്ചിരുന്ന വസ്തുക്കൾ ഏവ? | 1x2=2 |

Prepared by: Prabitha Pramod HOD- Vidhya Rajesh

Prepared by: Prabitha Pramod HOD- Vidhya Rajesh